ആസ്തിവികസന പദ്ധതി

149 (489) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന പദ്ധതിയിൽ ഭരണാനുമതി ലഭിക്കുന്ന പ്രവർത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാവാത്തത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എം. എൽ. എ. മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ മാതൃകയിൽ ആസ്തിവികസന പദ്ധതിയിലെ പ്രവൃത്തികൾക്കുള്ള തുകയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആസ്തിവികസന പദ്ധതിയിൻകീഴിൽ ഭരണാനുമതി ലഭിക്കുന്ന പ്രവൃർത്തികളിൽ അക്രഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്തുന്ന പ്രവൃത്തികളിൽ ചില സാങ്കേതിക കാരണങ്ങളാൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

(ബി) 11-6-2012-ലെ സ.ഉ.(പി)നമ്പർ 332/12/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം ആസ്തിവികസന പദ്ധതിയിൻകീഴിലുള്ള പ്രവൃർത്തികളുടെ പുരോഗതിക്കനുസൃതമായി നിർവ്വഹണ വകുപ്പിന്റെ ശുപാർശയുടെ വെളിച്ച ത്തിലാണ് തുക അനുവദിച്ചുനൽകുന്നത്. ആകയാൽ പ്രാദേശിക വികസന ഫണ്ടിന്റെ മാതൃകയിൽ ആസ്തി വികസന പദ്ധതികൾക്കുള്ള തുക ലഭ്യമാക്കുന്ന വിഷയം തൽക്കാലം ധനവകുപ്പിന്റെ പരിഗണനയിലില്ല.

ആസ്തിവികസന ഫണ്ട്

150 (490) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന ഫണ്ടിൽനിന്നും ഭരണാനുമതി ലഭിക്കുന്ന പ്രവർത്തികളുടെ ഭരണാനുമതി ഉത്തരവ് അതാത് എം.എൽ.എ മാർക്ക് ഇ-മെയിലിൽ ലഭ്യമാക്കുമോ ;

(ബി) ആസ്തിവികസന ഫണ്ടുവഴി നടപ്പിലാക്കുന്ന പദ്ധതികളുടെ കാലതാമസം ഒഴിവാക്കാൻ ജില്ലാതലത്തിലേക്ക് ഫണ്ട് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly